


കേരള ഹയർ സെക്കണ്ടറി ടീച്ചേഴ്സ് യൂണിയൻ (കെ.എച്ച്.എസ്.ടി.യു) സംസ്ഥാന നേതൃക്യാമ്പ് ലബ്ബ കമ്മിറ്റി ചെയർമാൻ പ്രൊഫ. പി.ഒ.ജെ. ലബ്ബ ഉദ്ഘാടനം ചെയ്യുന്നു

# സീനിയർ അധ്യാപക തസ്തികയിൽ നിയമനം വേണ്ടെന്നു പറഞ്ഞിട്ടില്ല: പി.ഒ.ജെ ലബ്ബ

കോഴിക്കോട്: ഹയർസെക്കണ്ടറിയിൽ സീനിയർ അധ്യാപക തസ്തികയിൽ നിയമനം വേണ്ടെന്ന നിർദ്ദേശം ലബ്ബ കമ്മിറ്റി സമർപ്പിച്ചിട്ടില്ലെന്ന് പ്രൊഫ. പി.ഒ.ജെ ലബ്ബ പറഞ്ഞു. കെ.എച്ച്.എസ്.ടി.യു സംസ്ഥാന എക്സിക്യൂട്ടീവ് ക്യാമ്പ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കെ.ടി അബ്ദുൽലത്തിഫ് അധ്യക്ഷത വഹിച്ചു.

ജൂനിയർ അധ്യാപകരെ അഞ്ചുവർഷം സർവീസ് പൂർത്തിയാകുന്ന മുറക്ക് സീനിയർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി നിയമിക്കണമെന്നാണ് കമ്മിറ്റിയുടെ നിർദ്ദേശമെന്ന് ലബ്ബ പറഞ്ഞു. ഗവൺമെന്റ് ഈ നിലയിൽ തിരുമാനമെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്- അദ്ദേഹം പറഞ്ഞു. കാലിക്കറ്റ് സർവകലാശാല സിന്റിക്കേറ്റ് അംഗം വി.പി അബ്ദുൽഹമീദ്, ടി.വി ഇബ്രാഹിം, ഒ. ഷൗക്കത്തലി, എസ്. സന്തോഷ്കുമാർ എന്നിവർ പ്രസംഗിച്ചു. ആധുനികാനന്തര അധ്യാപകൻ എന്ന വിഷയത്തിൽ ഫാറൂഖ് ട്രെയിനിങ് കോളജിലെ ഡോ. വി.പി നൗഷാദ് ക്ലാസെടുത്തു. പാഠ്യപദ്ധതി, മൂല്യനിർണയം, സർവീസ്, പരിസ്ഥിതി പാഠം എന്നി വിഷയങ്ങളിൽ ചർച്ച നടന്നു. വിളക്കോട്ടൂർ മുഹമ്മദലി, പി.എം കൃഷ്ണൻ നമ്പൂതിരി, യു. ബാബു, കെ. സന്തോഷ്കുമാർ, നിസാർ ചേലേരി, എ. അബൂബക്കർ, ജിലാബീഗം, ജയശ്രീ, വി.പി അബ്ദുൽ അസീസ്, കെ. മുഹമ്മദ് ഇസ്മായിൽ, പ്രേംജിത് കെ.എസ്, കെ. ജമാൽ, വി.കെ അബ്ദുറഹിമാൻ, ഹാഷിം കാട്ടാമ്പള്ളി, സജി ജോസഫ്, കെ. മുഹമ്മദ് ജാസിം, ആർ. രാകേഷ്, സൈറാബാനു, വി. ഫൈസൽ, മുഹമ്മദ് റഫീഖ് പ്രസംഗിച്ചു.




കോഴിക്കോട്ട് നടന്ന കെ.എച്ച്. എസ്. ടി. യു നേതൃ ക്യാമ്പ് മുസ് ലിം ലീഗ് സംസ്ഥാന ട്രഷറർ പി.കെ.കെ. ബാവ ഉദ്ഘാടനം ചെയ്യുന്നു

# ഹയർസെക്കണ്ടറി: നിയമനാംഗീകാരവും സ്ഥലമാറ്റവും നടപ്പാക്കണം: കെ.എച്ച്.എസ്.ടി.യു

കോഴിക്കോട്: ഹയർ സെക്കണ്ടറിയിലെ 552 ബാച്ചിൽ നിയമിതരായ അധ്യാപകരുടെ നിയമനാംഗീകാരം നൽകണമെന്നും ഒഴിവുള്ള വേക്കൻസികളിലേക്ക് അധ്യാപക സ്ഥലമാറ്റം നടപ്പാക്കണമെന്നും കെ.എച്ച്. എസ്. ടി. യു നേതൃ ക്യാമ്പ് ആവശ്യപ്പെട്ടു.

മെമ്പർഷിപ്പ് കാമ്പയിൻ ഊർജ്ജിതമാക്കുവാനും, സാധാരണക്കാരിലും വിദ്യാർത്ഥികളിലും പരിസ്ഥിതി അവബോധം വളർത്തുന്നതിനു ഹരിതപാഠം കോഴ്സ് സംഘടിപ്പിക്കാനും കോഴ്സിന്റെ ഉദ്ഘാടനം ജൂൺ 7 ന് കണ്ണൂരിൽ വെച്ച് സംഘടിപ്പിക്കാനും തീരുമാനിച്ചു. വൈദ്യുതിയില്ലാത്ത 100 വിദ്യർത്ഥികളുടെ വീടുകൾ വൈദ്യുതീകരിക്കാനും, വ്യത്യസ്ത വിഷയങ്ങളിൽ ദേശീയ സെമിനാർ സംഘടിപ്പിക്കാനും തീരുമാനമായി. 'ഹയർ സെക്കണ്ടറിയിലെ മുന്നേറ്റം' എന്ന വിഷയത്തിലധിഷ്ഠിതമായി വിദ്യാഭ്യാസമന്ത്രി, ലബ്ബാകമ്മിറ്റി അംഗങ്ങൾ എന്നിവരെ പങ്കെടുപ്പിച്ചു സെമിനാർ ജൂൺ 14 ന് കോഴിക്കോട്ട് സംഘടിപ്പിക്കും. രണ്ടു ദിവസമായി കോഴിക്കോട്ട് നടന്നുവരുന്ന നേതൃപരിശീലന ക്യാമ്പിന്റെ സമാപനസമ്മേളനം മുസ്ലീം ലീഗ് സംസ്ഥാന ട്രഷറർ പി.കെ.കെ. ബാവ ഉദ്ഘാടനം ചെയ്തു. കെ.ടി. അബ്ദുൽ ലത്തീഫ്, ടി.വി. ഇബ്രാഹിം, കെ.കെ. ആലിക്കുട്ടി, ഒ. ഷൗക്കത്തലി, എസ്. സന്തോഷ് കുമാർ, പി. അബ്ദുൽ ജലീൽ, സജി ജോസഫ് എന്നിവർ സംസാരിച്ചു. പി. അബ്ദുൽ ഗഫൂർ നന്ദി പറഞ്ഞു.